| 27–12–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– ദേവതകളേക്കാൾ ഉത്തമമായ മംഗളകാരി ജന്മമാണ് നിങ്ങൾ ബ്രഹ്മണരുടേത്, എന്തുകൊണ്ടെന്നാൽ നിങ്ങൾ ബ്രാഹ്മണർ തന്നെയാണ് ബാബയുടെ സഹായികളായി മാറുന്നത്.**

**ചോദ്യം:–** ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയ്ക്ക് ഏതൊരു സഹായമാണ് ചെയ്യുന്നത്? സഹായികളായ കുട്ടികൾക്ക് ബാബ എന്താണ് സമ്മാനമായി നൽകുന്നത്?
**ഉത്തരം:–** ബാബ പവിത്രതയുടേയും ശാന്തിയുടേയും രാജ്യം സ്ഥാപിക്കുകയാണ്, നമ്മൾ ബാബയ്ക്ക് പവിത്രതയുടെ സഹായം നൽകുന്നു. ബാബ രചിച്ച യജ്ഞത്തിന്റെ സംരക്ഷണം നമ്മൾ ചെയ്യുന്നതിനാൽ ബാബ തീർച്ചയായും നമുക്ക് സമ്മാനം നൽകും. സംഗമത്തിലും നമുക്ക് വളരെ വലിയ സമ്മാനം ലഭിക്കുന്നുണ്ട്, നമ്മൾ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുന്ന ത്രികാലദർശികളായി മാറുന്നു പിന്നീട് ഭാവിയിൽ സിംഹാസനധാരിയായും മാറുന്നു, ഇതുതന്നെയാണ് സമ്മാനം.

**ഗീതം:–** മാതാവും പിതാവും സഹായിയും സ്വാമിയും സഖാവും അങ്ങ് തന്നെ......

**ഓം ശാന്തി.** ഇത് ആരുടെ മഹിമയാണ്? ഇത് പരമപ്രിയനായ പരമപിതാ പരമാത്മാവായ ശിവന്റെ മഹിമയാണ്. ബാബയുടെ പേര് ഉയർന്നതിലും ഉയർന്നതാണ് അതുപോലെ ബാബയുടെ ധാമവും ഉയർന്നതിലും ഉയർന്നതാണ്. പരമപിതാ പരമാത്മാവ് എന്നാൽ അർത്ഥം ഉയർന്നതിലും ഉയർന്ന ആത്മാവ്. ബാക്കി ആരെയും പരമപിതാ പരമാത്മാവ് എന്ന് വിളിക്കില്ല. ബാബയുടെ മഹിമ അപരം അപാരമാണ്. ഇത്രയും മഹിമയാണ് അതിന്റെ അതിര് കണ്ടെത്താൻ സാധിക്കില്ല. ഋഷി മുനിമാരും ഇതുതന്നെയാണ് പറഞ്ഞിട്ടുള്ളത് ഭഗവാന്റെ അവസാനം കാണാൻ സാധിക്കില്ല. അവരും ഇതൊന്നുമല്ല ഇതൊന്നുമല്ല എന്നാണ് പറഞ്ഞുവന്നത്. ഇപ്പോൾ ബാബ സ്വയം വന്ന് തന്റെ പരിചയം നൽകുകയാണ്. എന്തുകൊണ്ട്? അച്ഛനെ എല്ലാവരും അറിഞ്ഞിരിക്കണമല്ലോ. എങ്കിൽ എങ്ങനെ കുട്ടികൾക്ക് പരിചയം ലഭിക്കും? ഏതുവരെ ബാബ ഈ ഭൂമിയിൽ വരുന്നില്ലയോ അതുവരെ ആർക്കും ബാബയുടെ പരിചയം നൽകാൻ സാധിക്കില്ല. എപ്പോൾ അച്ഛൻ മകനെ പ്രത്യക്ഷമാക്കുന്നുവോ അപ്പോഴേ മകന് അച്ഛനെ പ്രത്യക്ഷമാക്കാൻ കഴിയൂ. അച്ഛൻ മനസ്സിലാക്കിത്തരുകയാണ് എന്റേയും പാർട്ട് അടങ്ങിയിട്ടുള്ളതാണ്. പതിതരെ പാവനമാക്കാൻ എനിക്കു തന്നെ വരണം. സാധു സന്യാസിമാരും പാടിക്കൊണ്ടിരിക്കുന്നു പതീതപാവന സീതാറാം വന്നാലും എന്തുകൊണ്ടെന്നാൽ രാവണരാജ്യമാണ്, രാവണൻ ചെറുതൊന്നുമല്ല. മുഴുവൻ ലോകത്തേയും തമോപ്രധാനവും പതിതവുമാക്കി മാറ്റിയത് ആരാണ്? രാവണൻ. പിന്നീട് പാവനമാക്കി മാറ്റുന്നത് സമർത്ഥനായ രാമനല്ലേ. അരകല്പം രാമരാജ്യമാണ് നടക്കുന്നതെങ്കിൽ അരകല്പം രാവണരാജ്യവും നടക്കുന്നു. രാവണൻ ആരാണ്, ഇത് ആർക്കും അറിയില്ല. വർഷാവർഷം കത്തിക്കുന്നുണ്ട്. എന്നിട്ടും രാവണന്റെ രാജ്യം നടന്നുകൊണ്ടിക്കുന്നു. കത്തുന്നില്ലല്ലോ. മനുഷ്യർ പറയുന്നു പരമാത്മാവ് സമർത്ഥനാണ്, എന്നിട്ടും രാവണനെ രാജ്യം ഭരിക്കാൻ അനുവദിക്കുന്നത് എന്തിന്? അച്ഛൻ മനസ്സിലാക്കിത്തരുകയാണ് ഇത് വിജയത്തിന്റേയും തോൽവിയുടേയും കളിയാണ് അർത്ഥം സ്വർഗ്ഗത്തിന്റേയും നരകത്തിന്റേയും. ഭാരതത്തിൽ തന്നെയാണ് മുഴുവൻ കളിയും ഉണ്ടാക്കിയിരിക്കുന്നത്. ഇതാണ് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമ. പരമപിതാ പരമാത്മാവ് സർവ്വശക്തിവാനായതിനാൽ കളി പൂർത്തിയാകുന്നതിനു മുമ്പേ വരും അല്ലാതെ കളി പകുതിയ്ക്കുവെച്ച് നിർത്താൻ സാധിക്കും ഇങ്ങനെയൊന്നുമല്ല. ബാബ പറയുന്നു എപ്പോഴാണോ മുഴുവൻ ലോകവും പതിതമാകുന്നത് അപ്പോഴാണ് ഞാൻ വരുന്നത് അതിനാലാണ് ശിവരാത്രി ആഘോഷിക്കുന്നത്. ശിവായ നമ: എന്നും പറയാറുണ്ട്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരെ പിന്നീട് ദേവതായ നമ: എന്നാണ് പറയാറുള്ളത്. ശിവനെ പരമാത്മാ നമ: എന്നു പറയുന്നു. ബബുൾ നാഥിലും സോമനാഥ ക്ഷേത്രത്തിലും കാണിച്ചിരിക്കുന്നതുപോലെയാണോ ശിവൻ? എന്താ പരമപിതാ പരമാത്മാവിന് ഇത്രയും വലിയ രൂപമാണോ? അതോ ആത്മാക്കൾ ചെറുതും അച്ഛൻ വലുതുമാണോ? ചോദ്യം വരില്ലേ? എങ്ങനെയാണോ ഇവിടെ ചെറുപ്പക്കാരെ കുട്ടിയെന്നും വലിയവരെ അച്ഛനെന്നും വിളിക്കുന്നത് അതുപോലെ പരമപിതാ പരമാത്മാവ് മറ്റ് ആത്മാക്കളേക്കാൾ വലുതും നിങ്ങൾ ആത്മാക്കൾ ചെറുതുമാണോ? അല്ല. ബാബ മനസ്സിലാക്കിത്തരുകയാണ്– കുട്ടികളേ, നിങ്ങൾ എന്റെ മഹിമപാടുന്നു, പറയുന്നു പരമാത്മാവിന്റെ മഹിമ അപരം അപാരമാണെന്ന്. മനുഷ്യസൃഷ്ടിയുടെ ബീജമാണ് അതിനാൽ ബാബയെ ബീജമെന്നു പറയില്ലേ. ബാബ രചയിതാവാണ്. ബാക്കി എന്തെല്ലാം വേദങ്ങൾ, ഉപനിഷത്ത്, ഗീത, യജ്ഞം, തപം, ദാനം, പുണ്യം.... എന്നിവയുണ്ടോ ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. ഇവയ്ക്കും ഇവയുടേതായ സമയമുണ്ട്. അരകല്പം ഭക്തിയുടേത് അരകല്പം ജ്ഞാനത്തിന്റേത്. ഭക്തിയാണ് ബ്രഹ്മാവിന്റെ രാത്രി, ജ്ഞാനം ബ്രഹ്മാ

വിന്റെ പകലും. ഇത് ശിവബാബയാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത്, ബാബയ്ക്കാണെങ്കിൽ സ്വന്തമായി ശരീരവുമില്ല. പറയുന്നു രാജ്യഭാഗ്യം നൽകുന്നതിനായി ഞാൻ നിങ്ങളെ വീണ്ടും രാജയോഗം പഠിപ്പിക്കുകയാണ്. ഇപ്പോൾ ബ്രഹ്മാവിന്റെ രാത്രി പൂർത്തിയായിരിക്കുന്നു, അതേ ധർമ്മഗ്ലാനിയുടെ സമയം എത്തിയിരിക്കുന്നു. ആരെയാണ് ഏറ്റവും കൂടുതൽ ഗ്ലാനി ചെയ്യുന്നത്? പരമപിതാ പരമാത്മാ ശിവന്റെ. എഴുതിയിട്ടുണ്ടല്ലോ യദാ യദാഹി.......... ഞാൻ കല്പം മുമ്പ് ആർക്കെങ്കിലും സംസ്കൃതത്തിൽ ജ്ഞാനം നൽകി എന്നതല്ല ഇതിനർത്ഥം. ഭാഷ ഇതുതന്നെയാണ്. അതിനാൽ എപ്പോഴാണോ ഭാരതത്തിൽ ദേവീദേവതാ ധർമ്മം സ്ഥാപിച്ച ആളുടെ ഗ്ലാനിയുണ്ടാകുന്നത്, എന്നെ കല്ലിലും മുള്ളിലും ആരോപിക്കുന്നത്, അപ്പോഴാണ് ഞാൻ വരുന്നത്. ആരാണോ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നത്, പതിതരെ പാവനമാക്കി മാറ്റുന്നത്, അവരെ എത്രമാത്രം ഗ്ലാനിചെയ്തു.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഭാരതമാണ് ഏറ്റവും പഴയ ഖണ്ഢം അതിന് ഒരിയ്ക്കലും വിനാശമുണ്ടാകില്ല. സത്യയുഗത്തിൽ ലക്ഷ്മീ നാരായണന്റെ രാജ്യവും ഇവിടെയാണുണ്ടാകുന്നത്. ആ രാജ്യവും സ്വർഗ്ഗത്തിന്റെ രചയിതാവാണ് നൽകിയത്. ഇപ്പോഴാണെങ്കിൽ അതേ ഭാരതം പതിതമാണ് അതിനാൽ ഇപ്പോൾ തന്നെയാണ് ഞാൻ വരുന്നത് അതിനാലാണ് ശിവായ നമ: എന്ന് മഹിമ പാടുന്നത്. ഈ പരിധിയില്ലാത്ത ഡ്രാമയിൽ സർവ്വാത്മാക്കളുടേയും പാർട്ട് അടങ്ങിയിരിക്കുന്നു അത് പിന്നീട് ആവർത്തിക്കപ്പെടുന്നു. ഇതിൽ നിന്ന് ഒരു കഷണമെടുത്തിട്ടാണ് പരിധിയുള്ള ഡ്രാമകൾ ഉണ്ടാക്കുന്നത്. ഇപ്പോൾ നമ്മൾ ബ്രാഹ്മണരാണ് പിന്നീട് ദേവതയായി മാറും. ഇതാണ് ഈശ്വരീയ വർണ്ണം. ഇതാണ് നിങ്ങളുടെ 84 ജന്മങ്ങളിലെ അവസാന ജന്മം. ഇതിൽ നിങ്ങൾക്ക് നാലു വർണ്ണങ്ങളുടേയും ജ്ഞാനമുണ്ട് അതിനാൽ ബ്രാഹ്മണവർണ്ണമാണ് സർവ്വശ്രേഷ്ഠം. പക്ഷേ മഹിമ പാടുന്നതും പൂജിക്കുന്നതും ദേവതകളേയാണ്. ബ്രഹ്മാവിനും ക്ഷേത്രങ്ങളുണ്ട് പക്ഷേ പരമാത്മാവ് ഇവരിൽ പ്രവേശിച്ച് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നുവെന്ന് ആർക്കും അറിയില്ല. സ്ഥാപനയുണ്ടാകുമ്പോൾ തീർച്ചയായും വിനാശവുമുണ്ടാകണം അതിനാലാണ് പറയുന്നത് രുദ്രജ്ഞാനയജ്ഞത്തിൽ നിന്നും വിനാശജ്വാല പുറപ്പെട്ടു.

ഇപ്പോൾ അതേ ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്– മധുരമായ കുട്ടികളെ, ഇപ്പോൾ ഇത് നിങ്ങളുടെ അന്തിമ ജന്മമാണ് ഞാൻ വീണ്ടും നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നതിനായി വന്നിരിക്കുകയാണ്. ഇത് നിങ്ങളുടെ അവകാശമാണ്, പക്ഷേ ആരാണോ ശ്രീമതത്തിലൂടെ നടക്കുന്നത് അവർക്ക് ഞാൻ ഈ സമ്മാനം നൽകും. ലോകർക്ക് സമാധാനത്തിനുള്ള പുരസ്ക്കാരങ്ങൾ ലഭിക്കാറുണ്ട്. പക്ഷേ ബാബയാണെങ്കിൽ സ്വർഗ്ഗത്തിന്റെ സമ്മാനമാണ് നിങ്ങൾ എല്ലാവർക്കും നൽകുന്നത്. ഞാൻ എടുക്കില്ല . ഞാൻ നിങ്ങളിലൂടെ സ്ഥാപന നടത്തുന്നതിനാൽ നിങ്ങൾക്കു തന്നെയാണ് നൽകുക. നിങ്ങളാണ് ശിവബാബയുടെ പേരക്കുട്ടികൾ, ബ്രഹ്മാവിന്റെ കുട്ടികൾ. ഇത്രയും കുട്ടികൾ ഉണ്ടെങ്കിൽ തീർച്ചയായും പ്രജാപിതാ ബ്രഹ്മാവ് ദത്തെടുത്തതായിരിക്കില്ലേ. നിങ്ങളുടെ ഈ ബ്രാഹ്മണ ജന്മം ഏറ്റവും ഉത്തമമാണ്. ഇത് കല്ല്യാണകാരീ ജന്മമാണ്. ദേവതകളുടെ ജന്മമോ അല്ലെങ്കിൽ ശൂദ്രരുടെ ജന്മമോ കല്ല്യാണകാരിയല്ല. നിങ്ങളുടെ ഈ ജന്മം വളരെ മംഗളകാരിയാണ് എന്തെന്നാൽ നിങ്ങൾ അച്ഛന്റെ സഹായിയായി മാറി സൃഷ്ടിയിൽ പവിത്രതയും ശാന്തിയും സ്ഥാപിക്കുന്നു. പുരസ്ക്കാരങ്ങൾ നൽകുന്നവർ ഇത് വല്ലതും അറിയുന്നുണ്ടോ. അവർ ഏതെങ്കിലും അമേരിക്കക്കാർക്ക് നൽകുന്നു. അച്ഛൻ പിന്നീട് പറയുന്നു ആര് എന്റെ സഹായിയാവുന്നുവോ അവർക്ക് ഞാൻ സമ്മാനം നൽകും. പവിത്രതയുണ്ടെങ്കിൽ സൃഷ്ടിയിൽ ശാന്തിയും സമൃദ്ധിയും ഉണ്ടാകും. ഇതാണെങ്കിൽ വേശ്യാലയമാണ്. സത്യയുഗമാണ് ശിവാലയം. ശിവബാബയാണ് സ്ഥാപിച്ചത്. സാധു സന്യാസിമാർ ഹഠയോഗികളാണ് ഗൃഹസ്ഥധർമ്മത്തിലുള്ളവർക്ക് രാജയോഗം പഠിപ്പിച്ചുകൊടുക്കാൻ അവർക്ക് സാധിക്കില്ല, അവർ ആയിരക്കണക്കിന് തവണ ഗീതയും മഹാഭാരതവും പഠിച്ചിട്ടുണ്ടെങ്കിലും. പക്ഷേ ഇത് സർവ്വരുടേയും അച്ഛനാണ്. സർവ്വധർമ്മത്തിലുള്ളവരോടും പറയുന്നു തന്റെ ബുദ്ധിയോഗം എന്നിൽ വെയ്ക്കൂ. ഞാനും ഒരു ചെറിയ ബിന്ദുവാണ്, അത്ര വലുതൊന്നുമല്ല. എങ്ങനെയാണോ ആത്മാവ് അതുപോലെതന്നെയാണ് ഞാൻ പരമാത്മാവും. ആത്മാവും ഇവിടെ ഭൃകുടിയ്ക്കു നടുവിലാണ് ഇരിക്കുന്നത്. അത്ര വലുതാണെങ്കിൽ ഇവിടെ എങ്ങനെ ഇരിക്കാൻ സാധിക്കും. ഞാനും ആത്മാവിനെപ്പോലെത്തന്നെയാണ്. പക്ഷേ ഞാൻ ജനന–മരണങ്ങളിൽ വരാതെ സദാ പാവനമാണ് എന്നാൽ ആത്മാക്കൾ ജനന–മരണങ്ങളിലേയ്ക്ക് വരുന്നു. പാവനത്തിൽ നിന്നും പതിതവും പതിതത്തിൽ നിന്നും പാവനവുമായി മാറുന്നു. ഇപ്പോൾ വീണ്ടും പതിതത്തിൽ നിന്നും പാവനമാകുന്നതിനുവേണ്ടി അച്ഛൻ ഈ രുദ്രയജ്ഞം രചിച്ചിരിക്കുകയാണ്. ഇതിനുശേഷം സത്യയുഗത്തിൽ ഒരു യജ്ഞവും ഉണ്ടാകില്ല. പിന്നീട് ദ്വാപരയുഗം മുതൽ അനേക പ്രകാരത്തിലുള്ള യജ്ഞങ്ങൾ രചിക്കുന്നു. ഈ രുദ്രജ്ഞാനയജ്ഞം കല്പത്തിൽ ഒരു തവണമാത്രമാണ് രചിക്കുന്നത്, ഇതിൽ മുഴുവൻ ലോകവും ആഹുതിയാകുന്നു. പിന്നീട് ഒരു യജ്ഞവും രചിക്കില്ല. എന്തെങ്കിലും ആപത്തുകൾ വരുന്ന സമയത്താണ് യജ്ഞം

രചിക്കാറുള്ളത്. മഴ പെയ്യുന്നില്ലെങ്കിൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും ആപത്തുകൾ വരുമ്പോഴാണ് യജ്ഞം രചിക്കുന്നത്. സത്യത്രേതായുഗങ്ങളിൽ ഒരാപത്തും വരുകയില്ല. ഈ സമയത്ത് അനേകപ്രകാരത്തിലുള്ള ആപത്തുകൾ വരുന്നു അതിനാൽ ഏറ്റവും വലിയ സേഠ് ആയ ശിവബാബ യജ്ഞം രചിച്ചു അതിന്റെ സാക്ഷാത്ക്കാരവും ആദ്യംതന്നെ ചെയ്യിപ്പിച്ചു. എങ്ങനെയാണ് എല്ലാവരും ആഹൂതിയാവുന്നത്, എങ്ങനെയാണ് വിനാശം ഉണ്ടാകേണ്ടത്, പഴയലോകം ശവപ്പറമ്പ് ആവുകതന്നെ വേണം. അതിനാൽ ഈ പഴയലോകത്തിൽ എന്തിനാണ് മനസ്സുവെയ്ക്കുന്നത് അതുകൊണ്ടാണ് നിങ്ങൾ കുട്ടികൾ ഈ പരിധിയില്ലാത്ത പഴയ ലോകത്തെ സന്യാസം ചെയ്യുന്നത്. ആ സന്യാസിമാർ കേവലം കുടുംബത്തെയാണ് സന്യസിക്കുന്നത്. നിങ്ങൾക്ക് കുടുംബം വിടേണ്ട ആവശ്യമില്ല. ഇവിടെ ഗൃഹസ്ഥവ്യവഹാരത്തെ പാലിച്ചുകൊണ്ടും ഇതിൽ നിന്നു കേവലം മമത്വത്തെ ഇല്ലാതാക്കണം. ഇവരെല്ലാവരും മരിച്ചുകിടക്കുകയാണ്, ഇനി ഇതിൽ എന്തു മനസ്സുവെക്കാൻ. ഇത് മൃതശരീരങ്ങളുടെ ലോകമാണ് അതിനാലാണ് പറയുന്നത് മാലാഖകളുടെ ലോകത്തെ ഓർമ്മിക്കു, എന്തിനാണ് ശവപ്പറമ്പിനെ ഓർമ്മിക്കുന്നത്.

ബാബയും ദല്ലാളായി മാറി നിങ്ങളുടെ ബുദ്ധിയോഗത്തെ എന്നിൽ യോജിപ്പിക്കുന്നു. ആത്മാവും പരമാത്മാവും ഒരുപാടുകാലം വേറിട്ടിരുന്നു..... എന്ന് പറയാറില്ലേ ഈ മഹിമയും അവരുടേതാണ്. കലിയുഗത്തിലെ ഗുരുക്കന്മാരെ പതിതപാവനൻ എന്നു പറയാൻ പറ്റില്ല. തീർച്ചയായും ശാസ്ത്രങ്ങൾ കേൾപ്പിക്കുന്നുണ്ട്, ക്രിയാ കർമ്മങ്ങൾ ചെയ്യിപ്പിക്കുന്നുണ്ട്. ശിവബാബയ്ക്ക് ഒരു ടീച്ചറോ ഗുരുവോ ഒന്നുമില്ല. ബാബ പറയുന്നു ഞാൻ വന്നത് നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകാനാണ്. ഇനി നിങ്ങളുടെ ഇഷ്ടം പോലെ സൂര്യവംശിയാകു അല്ലെങ്കിൽ ചന്ദ്രവംശിയാകു. എങ്ങനെയാണ് അതായി മാറുക, യുദ്ധത്തിലൂടെയോ? അല്ല. ലക്ഷ്മീ നാരായണനോ രാമസീതയോ യുദ്ധത്തിലൂടെ രാജ്യം നേടിയിട്ടില്ല. ഇവർ ഈ സമയത്ത് മായയോട് യുദ്ധം ചെയ്തു. നിങ്ങൾ സൂക്ഷ്മമായ യോദ്ധാക്കളാണ് അതിനാൽ നിങ്ങൾ ശക്തിസേനകളെ ആർക്കും അറിയില്ല. നിങ്ങൾ യോഗബലത്തിലൂടെയാണ് മുഴുവൻ വിശ്വത്തിന്റേയും അധികാരിയാവുന്നത്. നിങ്ങൾ തന്നെയാണ് വിശ്വരാജ്യം നഷ്ടപ്പെടുത്തിയത് വീണ്ടും നിങ്ങൾ തന്നെയാണ് നേടുന്നതും. നിങ്ങൾക്ക് സമ്മാനം നൽകുന്നത് അച്ഛനാണ്. ഇപ്പോൾ ആരാണോ ബാബയുടെ സഹായിയായി മാറുന്നത് അവർക്ക് തന്നെയാണ് അരകല്പത്തിലേയ്ക്ക് ശാന്തിയുടേയും സമൃദ്ധിയുടേയും സമ്മാനം ലഭിക്കുന്നത്. ബാബ സഹായി എന്ന് അവരെയാണ് പറയുന്നത് ആരാണോ അശരീരിയായി മാറി ബാബയെ ഓർമ്മിക്കുന്നത്, സ്വദർശന ചക്രം കറക്കുന്നത്, ശാന്തീധാമത്തെ അർത്ഥം മധുരമായ വീടിനേയും മധുരമായ രാജധാനിയേയും ഓർമ്മിച്ച് പവിത്രമായി മാറുന്നത്. എത്ര സഹജമാണ്. നമ്മൾ ആത്മാക്കളും നക്ഷത്രമാണ്. നമ്മുടെ അച്ഛൻ പരമാത്മാവും നക്ഷത്രമാണ്. ബാബ ഇത്രയും വലുതൊന്നുമല്ല പക്ഷേ നക്ഷത്രത്തിന്റെ പൂജ എങ്ങനെ ചെയ്യും അതിനാൽ പൂജിക്കാൻ വേണ്ടിയാണ് ഇത്രയും വലിയ രൂപത്തിൽ ഉണ്ടാക്കിയിക്കുന്നത്. പൂജയും ആദ്യം ബാബക്കാണ് നടത്തുന്നത്, അതിനുശേഷമാണ് മറ്റുള്ളവർക്ക്. ലക്ഷ്മീ നാരായണന്മാർക്ക് എത്ര പുജയാണ് ലഭിക്കുന്നത്. പക്ഷേ അവരെ അങ്ങനെയാക്കി മാറ്റിയത് ആരാണ്? സർവ്വരുടേയും സദ്ഗതി ദാതാവ് ബാബയാണ്. ആ ഒരാളല്ലേ ബലിയാകുന്നത്. ബാബയുടെ ജയന്തി വജ്രസമാനമാണ്. ബാക്കി എല്ലാവരുടേയും ജയന്തി കക്കയ്ക്കു സമാനമാണ്. ശിവായ നമ: ഇത് ബാബയുടെ യജ്ഞമാണ്, നിങ്ങൾ ബ്രാഹ്മണരെക്കൊണ്ട് രചിപ്പിച്ചു. പറയുന്നു ആരാണോ പവിത്രതയും ശാന്തിയും സ്ഥാപിക്കാൻ എന്നെ സഹായിക്കുന്നത് അവർക്ക് ഇത്രയും സമ്മാനങ്ങൾ നൽകും. ബ്രാഹ്മണരെക്കൊണ്ട് യജ്ഞം രചിച്ചെങ്കിൽ തീർച്ചയായും ദക്ഷിണ നൽകുമല്ലോ. ഇത്രയും വലിയ യജ്ഞമാണ് രചിച്ചിരിക്കുന്നത്. മറ്റൊരു യജ്ഞവും ഇത്രയും സമയം നടക്കില്ല. പറയുന്നു ആര് എന്നെ എത്രത്തോളം സഹായിക്കുന്നുവോ അത്രയും വലിയ സമ്മാനം നൽകും. എല്ലാവർക്കും സമ്മാനം നൽകുന്നയാൾ ഞാനാണ്. ഞാൻ ഒന്നും എടുക്കുന്നില്ല, എല്ലാം നിങ്ങൾക്കാണ് നൽകുന്നത്. ഇപ്പോൾ ആര് ചെയ്യുന്നുവോ അവർ നേടും കുറച്ച് ചെയ്യുകയാണെങ്കിൽ പ്രജയിലേയ്ക്ക് പോകും. ഗാന്ധിജിയെ സഹായിച്ചവരും പ്രസിഡന്റും മന്ത്രിയുമൊക്കെയായില്ലേ. പക്ഷേ ഇത് അല്പകാലത്തിലെ സുഖമാണ്. ബാബ നിങ്ങൾക്ക് മുഴുവൻ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നൽകി തനിക്കു സമാനം ത്രികാലദർശിയാക്കി മാറ്റുന്നു. പറയുന്നു എന്റെ ജീവിതകഥ അറിയുന്നതിലൂടെ നിങ്ങൾ എല്ലാം അറിയുന്നു. സന്യാസിയ്ക്ക് ഈ ജ്ഞാനം നല്കാൻ കഴിയില്ല. അവരിൽ നിന്ന് എന്ത് സമ്പത്ത് ലഭിക്കും. അവർ തന്റെ കാലശേഷമുള്ള ഗുരുസ്ഥാനം പോലും ഒരാൾക്കേ നൽകുന്നുള്ളൂ. ബാക്കിയുള്ളവർക്ക് എന്താണ് ലഭിക്കുന്നത്? ബാബയാണെങ്കിൽ നിങ്ങൾ എല്ലാവർക്കും സിംഹാസനം നൽകുന്നു. എത്ര നിഷ്കാമ സേവനമാണ് ചെയ്യുന്നത് പക്ഷേ നിങ്ങളാണെങ്കിലോ എന്നെ കല്ലിലും മുള്ളിലുമുണ്ടെന്നു പറഞ്ഞ് എത്ര ഗ്ലാനിചെയ്തിരിക്കുന്നു. ഇതും ഡ്രാമയിൽ അടങ്ങിയതാണ്. എപ്പോൾ കക്കയ്ക്കു തുല്യമാകുന്നുവോ അപ്പോൾ നിങ്ങളെ വജ്രസമാനമാക്കി മാറ്റുന്നു. ഞാൻ എണ്ണാൻ അസംഖ്യം തവണ ഭാരതത്തെ സ്വർഗ്ഗമാക്കിയിട്ടുണ്ട് പിന്നീട് മായ അതിനെ നരകമാക്കിയിട്ടുമുണ്ട്. അഥവാ ഇപ്പോൾ പ്രാപ്തി നേടണമെന്നുണ്ടെങ്കിൽ ബാബയുടെ സഹായിയായി മാറി സത്യമായ സമ്മാനം നേടൂ.

ഇതിൽ പവിത്രതയാണ് മുഖ്യം.

ബാബ സന്യാസിമാരുടേയും മഹിമ ചെയ്യുന്നു- അവരും നല്ലതാണ് എന്തെന്നാൽ പവിത്രമായിരിക്കുന്നു. അവരും ഭാരതത്തെ അധ:പ്പതിക്കുന്നതിൽ നിന്നും രക്ഷിക്കുന്നു. ഇല്ലെങ്കിൽ എന്താണ് സംഭവിക്കുക എന്ന് അറിയുകയില്ല. പക്ഷേ ഇപ്പോൾ ഭാരതത്തെ സ്വർഗ്ഗമാക്കണം അതിനാൽ തീർച്ചയായും ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും പവിത്രമായി മാറേണ്ടിവരും. ബാബയും ദാദയും രണ്ടുപേരും കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ശിവബാബ ഈ പഴയ ചെരിപ്പിലൂടെ കുട്ടികൾക്ക് വഴി പറഞ്ഞുതരുകയാണ്. പുതിയത് എടുക്കാൻ സാധിക്കില്ല. മാതാവിന്റെ ഗർഭത്തിലൂടെയും വരില്ല. പതിതലോകത്തിൽ, പതിതശരീരത്തിലാണ് വരുന്നത്, ഈ കലിയുഗത്തിൽ ഘോരാന്ധകാരമാണ്. ഈ ഘോരാന്ധകാരത്തെത്തന്നെയാണ് പ്രകാശമാക്കി മാറ്റേണ്ടത്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ഈ പരിധിയില്ലാത്ത ലോകത്തെ മനസ്സ് കൊണ്ട് സന്യാസം ചെയ്ത് തന്റെ മമത്വത്തെ ഇല്ലാതാക്കണം, ഇതിൽ മനസ്സ് വെയ്ക്കരുത്.

2) അച്ഛന്റെ സഹായിയായി മാറി സമ്മാനം നേടുന്നതിനായി- 1. അശരീരിയാകണം, 2. പവിത്രമായിരിക്കണം, 3. സ്വദർശനചക്രം കറക്കണം, 4. മധുരമായ വീടിനേയും മധുരമായ രാജധാനിയേയും ഓർമ്മിക്കണം.

### വരദാനം:- വിശേഷതകളെ മുന്നിൽ വച്ച് സദാ അതീവ സന്തോഷത്തോടെ മുന്നേറുന്ന നിശ്ചയബുദ്ധി വിജയിയായി ഭവിക്കൂ

തന്റെ എന്തെല്ലാം വിശേഷതകളാണോ ഉള്ളത്, അതിനെ മുന്നിൽ വയ്ക്കൂ, കുറവുകളെയല്ല എങ്കിൽ സ്വയം സ്വയത്തിൽ വിശ്വാസമുണ്ടായിരിക്കും. ദുർബല കാര്യങ്ങളെ കൂടുതൽ ചിന്തിക്കരുത് എങ്കിൽ സന്തോഷത്തോടെ മുന്നേറിക്കൊണ്ടിരിക്കും. ഈ നിശ്ചയം വയ്ക്കൂ ബാബ സർവ്വശക്തിവാനാണ് അതുകൊണ്ട് ബാബയുടെ കൈ പിടിക്കുന്നവർ അക്കരെ എത്തിച്ചേരും. ഇങ്ങനെയുള്ള സദാ നിശ്ചയബുദ്ധി വിജയീ രത്നമാകുന്നു. സ്വയം സ്വയത്തിൽ നിശ്ചയം, ബാബയിൽ നിശ്ചയം ഡ്രാമയുടെ ഓരോ ദൃശ്യത്തെ കണ്ടുകൊണ്ടും അതിലും പൂർണ്ണമായ നിശ്ചയമുണ്ടാകണം അപ്പോൾ വിജയിയാകും.

### സ്ലോഗൻ:- പവിത്രതയുടെ രാജകീയതയിൽ കഴിയൂ എങ്കിൽ പരിധിയുള്ള ആകർഷണങ്ങളിൽ നിന്ന് വേറിട്ടവരാകും.